പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2919

13.07.2015-ൽ
മറുപടിയ്ക്ക്

## എക്സൈസ് അക്കാദമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ :<br>ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ.കെ.ബാബു,<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) 18.12.2003-ലെ ജി.ഒ (എം.എസ്) 194/2003/നി.വ നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂരിൽ പൂത്തോളിൽ 2.74 ഏക്കർ വരുന്ന ഡിപ്പാർട്ട് മെന്റ് വക ഭൂമിയിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിലെ മുഴുവൻ ജീവനക്കാർക്കും അടിസ്ഥാന പരിശീലനം നൽകുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി 01.01.2004-ൽ സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ പ്രിൻസിപ്പാളായും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വൈസ് പ്രിൻസിപ്പാൾ) സ്പെഷ്യൽ ആഫീസറായും, 2 സർക്കിൾ ഇൻസ്പെക്ടർമാരും, 2 എക്സൈസ് ഇൻസപെക്ടർമാരും, 6 പ്രിവന്റീവ് ആഫീസർമാരും, ഒരു ടൈപ്പിസ്റ്റും, |

2 ഓഫീസ് അറ്റൻഡന്റ്, 1 ഡ്രൈവർ, 3 കുക്ക്, 1 പാർട്ട് ടൈം സ്വീപ്പർ, 6 കാഷ്വൽ സ്വീപ്പർമാർ എന്നീ ക്രമത്തിൽ ഉള്ള ജീവനക്കാരും ഇപ്പോൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഒരേസമയം 150 ഉദ്യോഗസ്ഥർക്ക് താമസിച്ച് പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യം അക്കാദമിയിലുണ്ട്. ഇപ്പോൾ 90 സിവിൽ എക്സൈസ് ഓഫീസർമാർക്കും, 28 എക്സൈസ് ഡ്രൈവർമാർക്കും കായികപരിശീലനവും നിയമ പഠനക്ലാസ്സുകളും, 30 എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ/അസിസ്റ്റന്റ് എക്സൈസ് ൻസ്പെക്ടർമാർക്കും നിയമപഠനക്ലാസ്സുകളും നടത്തിവരുന്നു.

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരിയും അനുബന്ധനിയമങ്ങളിലും പരിജ്ഞാനം നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഉത്തമവ്യക്തിത്വമുള്ള ഉദ്യോഗസ്ഥരായി മാറ്റി എടുക്കലാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യം.

(സി) എല്ലാ എക്സൈസ് ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിന് അക്കാദമി

(സി) അക്കാഡമിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ

എത്രത്തോളം പര്യാപ്തമാണ് ;

കാര്യക്ഷമമാക്കുന്നതിനും അക്കാഡമിയുടെ സ്ഥലത്തിനു സമീപമുള്ള അഞ്ചേക്കർ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.